'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 24.10.2019ലെ യോഗതീരുമാനം നം.4.5- പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.2811/2019/LSGD തീയതി,തിരുവനന്തപുരം, 10/12/2019

---

പരാമർശം:-1 പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാന്റെ 05/08/2019ലെ PCPC/605/2019 നമ്പർ കത്തും, 29/08/2019ൽ കൂടിയ കോർഡിനേഷൻ കമ്മിറ്റി ഖണ്ഡിക 4.10 നമ്പർ തീരുമാനവും.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 24.10.2019ലെ യോഗതീരുമാനം നം.4.5

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ 24000 കർഷകരുടെ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയിൽ വെളിച്ചെണ്ണ ഉൽപാദിപ്പിക്കാനുള്ള പ്ലാന്റും, നീര, വെർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് വാട്ടർ എന്നിവ ഉൽപാദിപ്പിക്കുന്നതിനും, കയർ നിർമ്മിക്കുന്നതിനുമുള്ള യൂണിറ്റും പ്രവർത്തിച്ചു വരുന്നു. കമ്പനിക്ക് പ്രവർത്തന മൂലധനത്തിൽ കുറവുള്ളതിനാൽ കോഴിക്കോട് ജില്ലാ പഞ്ചായത്തും കൊയിലാണ്ടി താലൂക്കിലെ ബ്ലോക്ക് പഞ്ചായത്തുകളും, കൊയിലാണ്ടി മുനിസിപ്പാലിറ്റിയും, താലൂക്കിലെ ഗ്രാമപഞ്ചായത്തുകളും കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നൽകണമെന്നു പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ പരാമർശം (1 ) കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി .

സർക്കർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 29/08/2019 ലെയും 24.10.2019 ലെയും യോഗത്തിൽ വിശദമായി ചർച്ചചെയ്യുകയും കമ്മിറ്റിയുടെ മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് പരമാവധി 15 ലക്ഷം രൂപയും, ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും പരമാവധി 5.00 ലക്ഷം രൂപയും നൽകുന്നതിന് താഴെപ്പറയുന്ന നിബന്ധനകളോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) ഇതു സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധികാരികളുടെ

യോഗം വിളിച്ച് ചർച്ച ചെയ്ത് വേണം തീരുമാനമെടുക്കേണ്ടത്.

(2) ഇപ്രകാരം ലഭിക്കുന്ന റിവോൾവിംഗ് ഫണ്ട് കമ്പനിയുടെ ഉൽപന്നങ്ങളുടെ മാർക്കറ്റിംഗിന് മാത്രമേ ഉപയോഗിക്കാവൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാപഞ്ചായത്ത് സെക്രട്ടറി, കോഴിക്കോട്.

ചെയർമാൻ, പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കോഴിക്കോട് ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ